**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **23-07-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി വരടിമല ഫാമിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അട്ടപ്പാടിയിലെ ഫാമിങ് സൊസൈറ്റിയുടെ കൈവശമുള്ള വരടിമല ഫാമിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിരുന്നത്; ഇവർക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരുന്നത്; | (എ) | 1975-ൽ പ്രവർത്തനം ആരംഭിച്ച ഫാമിംഗ് സൊസൈറ്റി 120 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽ പറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് പാടികൾ പണിതിട്ടുമുണ്ട്. |
| (ബി) | ഈ ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് ചെലവായത് ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | സംഘത്തിന് കീഴിലുള്ള നാല് ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുക 50,90,828/- രൂപയാണ്. |
| (സി) | നിലവിൽ ഇവിടെ എത്ര കുടുംബങ്ങളാണ് സ്ഥിരതാമസമുള്ളത്; ഈ ഫാം ഇപ്പോൾ തകർച്ചയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ; | (സി) | നിലവിൽ ഇവിടെ കുടുംബങ്ങൾ ആരും തന്നെ സ്ഥിരതാമസമില്ല. ഈ ഫാം ഇപ്പോൾ തകർച്ചയിൽ അല്ല. |
| (ഡി) | ഫാമിന്റെ തകർച്ച സംബന്ധിച്ച് അന്വേഷണങ്ങളെന്തെങ്കിലും നടത്തുകയുണ്ടായോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | നിലവിൽ ഇവിടെ കുടുംബങ്ങൾ ആരും തന്നെ സ്ഥിരതാമസമില്ല. ഈ ഫാം ഇപ്പോൾ തകർച്ചയിൽ അല്ല. |
| (ഇ) | വരടിമല പുനരധിവാസ കേന്ദ്രത്തിലെ എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിന് നൽകുന്നതിന് ഉത്തരവായിരുന്നത്; പ്രസ്തുത ഭൂമി ഇടപാടിൽ നിയമലംഘനങ്ങളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ നിയമലംഘകരായ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ? | (ഇ) | വരടിമല ഫാമിലെ ഭൂമി പാട്ടത്തിന് നൽകാൻ ഉത്തരവാകുകയോ പാട്ടത്തിന് നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ നിയമലംഘനങ്ങൾ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ